Department of Education

GOVERNMENT OF WESTERN AUSTRALIA

# സർവകലാശാലയിലേക്കുള്ള പാതകൾ

## മാതാപിതാക്കൾക്കും പരിചരിക്കുന്നവർക്കുമുള്ള വിവരങ്ങൾ

സീനിയർ സ്കൂൾ വിദ്യാർത്ഥികൾക്ക് സർവകലാശാല, പരിശീലനം, തൊഴിൽ എന്നിവയിലേക്കുള്ള വിശാലമായ പാതകളിൽ നിന്ന് തിരഞ്ഞെടുക്കാം. വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ, കഴിവുകൾ, ആവശ്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ നിറവേറ്റുന്നതിനായി പാതകൾ തിരഞ്ഞെടുക്കാം.

### സർവകലാശാലയിലേക്കുള്ള വഴികൾ എന്തൊക്കെയാണ്?

**ATAR**

ഒരു വിദ്യാർത്ഥിയുടെ ഓസ്ട്രേലിയൻ ടെർഷ്യറി അഡ്മിഷൻ റാങ്ക് (ATAR) അവരുടെ കോഴ്സും പരീക്ഷാ ഫലങ്ങളും വെച്ചാണ് കണക്കാക്കുന്നത്. കുറഞ്ഞത് നാല് ATAR കോഴ്സുകൾ ആവശ്യമാണ്. മിക്ക വിദ്യാർത്ഥികൾക്കും, ATAR കോഴ്സുകളുടെ അക്കാദമിക് സ്വഭാവവും വെല്ലുവിളിയും സർവകലാശാലയിൽ വിജയത്തിനുള്ള മികച്ച തയ്യാറെടുപ്പ് നൽകുന്നു.

ഒരു സ്കൂൾ വിട്ടുപോകവെ ATAR ഉപയോഗിച്ച് സർവകലാശാലയിലേക്ക് പരിഗണിക്കപ്പെടുന്നതിന്, വിദ്യാർത്ഥികൾ ഇനിപ്പറയുന്നവ ചെയ്യണം:

- വെസ്റ്റേൺ ഓസ്ട്രേലിയൻ സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷന്റെ ആവശ്യകതകൾ നിറവേറ്റുക
- ഓരോ സർവകലാശാലയും രൂപകൽപ്പന ചെയ്തിട്ടുള്ള, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യ നിലവാരം കൈവരിക്കുക, ഇനിപ്പറയുന്ന ഒന്നിൽ നിന്ന്:
    - ATAR ഇംഗ്ലീഷ്
    - ATAR സാഹിത്യം
    - ATAR EAL/D അല്ലെങ്കിൽ തത്തുല്യം (സ്കോർ 50 അല്ലെങ്കിൽ അതിനു മുകളിൽ സ്കെയിൽ ചെയ്തത്)
    - ഇംഗ്ലീഷിനുള്ള സ്പെഷ്യൽ ടെർഷ്യറി അഡ്മിഷൻ ടെസ്റ്റ് (STAT) എഴുത്തുപരീക്ഷയിലെ മിനിമം ആവശ്യകതകൾ.
- ഒരു പ്രത്യേക കോഴ്സിൽ പ്രവേശിക്കുന്നതിന് മതിയായ ഉയർന്ന ATAR നേടുക, കൂടാതെ
- ഒരു പ്രത്യേക കോഴ്സിൽ പ്രവേശിക്കുന്നതിനുള്ള ഏതെങ്കിലും മുൻകരുതലുകളോ പ്രത്യേക ആവശ്യകതകളോ നിറവേറ്റുക.

CC BY
Exclusions may apply

12-ആം വർഷം വിദ്യാർത്ഥികൾക്ക് സർവകലാശാലകളിലേക്ക് അപേക്ഷിക്കുന്നതിനെക്കുറിച്ചും അവരുടെ സ്കൂളുകൾ ബിരുദം നേടിയിട്ടില്ലാത്തവർക്ക് നൽകുന്ന കോഴ്സുകളിലേക്കുള്ള പ്രവേശനത്തെക്കുറിച്ചും വിവരങ്ങൾ നൽകുന്നു.

## സെലക്ഷൻ റാങ്ക് ക്രമീകരണത്തോട് കൂടിയ ATAR

ചില വിദ്യാർത്ഥികൾക്ക് ATAR ക്രമീകരണത്തിന് അർഹതയുണ്ട്. ഇനിപ്പറയുന്ന ഘടകങ്ങൾ കാരണം ക്രമീകരണങ്ങൾ ഒരു വിദ്യാർത്ഥിയുടെ റാങ്ക് വർദ്ധിപ്പിക്കുന്നു:

- വർഷം 12 വിഷയങ്ങളിലെ പ്രകടനം
- ഒരു പ്രത്യേക പ്രദേശത്ത് താമസിക്കുകയോ സ്കൂളിൽ പോകുകയോ ചെയ്യുക
- ഒരു കുടുംബത്തിൽ നിന്ന് സർവകലാശാലയിൽ ചേരുന്ന ആദ്യ വ്യക്തി
- വിദ്യാഭ്യാസ ആക്സസ് സ്കീമുകൾക്കുള്ള യോഗ്യത.



cc BY
Exclusions may apply

ഒരു വിദ്യാർത്ഥിക്ക് വ്യത്യസ്ത സർവകലാശാലകൾക്കായി വ്യത്യസ്ത സെലക്ഷൻ റാങ്കുകൾ ഉണ്ടായിരിക്കാം. കൂടുതൽ വിവരങ്ങൾക്ക്, സന്ദർശിക്കുക:

| സർവകലാശാല | വെബ്സൈറ്റ് |
|---|---|
| **കർട്ടിൻ** | https://study.curtin.edu.au/applying/pathways/stepup-to-curtin |
| **എഡിത്ത് കോവൻ** | https://www.ecu.edu.au/data/assets/pdf_file/0011/676946/ECU-Access-Eligible-WA-Schools.pdf |
| **മർഡോക്ക്** | https://www.murdoch.edu.au/study/pathways-to-uni/high-school/selection-rank-adjustment |
| **WA സർവകലാശാല** | https://www.uwa.edu.au/study/how-to-apply/admission-entry-pathways/broadway |

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും പരിശീലനവും (VET)

നിരവധി ബിരുദ കോഴ്സുകളുടെ ഏറ്റവും കുറഞ്ഞ പ്രവേശന ആവശ്യകതകൾ നിറവേറ്റുന്നതിന് വിദ്യാർത്ഥികൾക്ക് VET യോഗ്യതകൾ ഉപയോഗിക്കാം. സാധാരണയായി, അപേക്ഷകർ ഒരു WACE വിജയകരമായി നേടിയിട്ടുണ്ട്, സർട്ടിഫിക്കറ്റ് IV ലെവലിൽ ഒരു യോഗ്യത പൂർത്തിയാക്കിയിട്ടുണ്ട് ഒപ്പം, ഇംഗ്ലീഷ് ഭാഷാ യോഗ്യതയും നേടിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്, സന്ദർശിക്കുക:

| സർവകലാശാല | വെബ്സൈറ്റ് |
|---|---|
| **കർട്ടിൻ** | https://study.curtin.edu.au/applying/pathways/tafe-vet |
| **എഡിത്ത് കോവൻ** | https://www.ecu.edu.au/future-students/course-entry<br>ECU യൂണിപ്രിപ്പ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ഒരു സർട്ടിഫിക്കറ്റ് III, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം എന്നിവ ഉപയോഗിക്കാം, വിവരങ്ങൾക്കായി https://www.ecu.edu.au/degrees/uniprep സന്ദർശിക്കുക |
| **മർഡോക്ക്** | https://www.murdoch.edu.au/study/pathways-to-uni/vocational-education-and-training<br>മർഡോക്കിന്റെ ഓൺട്രാക്ക്, ഫ്ലെക്സിട്രാക്ക് പ്രോഗ്രാമുകളിലേക്ക് പ്രവേശിക്കുന്നതിന് അപേക്ഷിക്കാൻ വിദ്യാർത്ഥികൾക്ക്, മുതിർന്നവർക്കുള്ള പൊതുവിദ്യാഭ്യാസത്തിൽ സർട്ടിഫിക്കറ്റ് II അല്ലെങ്കിൽ സർട്ടിഫിക്കറ്റ് III-ഉം ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യവും ഉപയോഗിക്കാം. വിവരങ്ങൾക്ക്, ഇതിലേക്ക് പോകുക:<br>OnTrack – https://www.murdoch.edu.au/course/enabling/n1111<br>FlexiTrack – https://www.murdoch.edu.au/course/enabling/n1101 |
| **നോട്രെ ഡാമെ സർവകലാശാല** | https://www.notredame.edu.au/study/pathways/vet-study<br>നിയമം, ഫിസിയോതെറാപ്പി, വിദ്യാഭ്യാസം എന്നിവ ഒഴികെയുള്ള മിക്ക കോഴ്സുകൾക്കും ലഭ്യമാണ്. |
| **WA സർവകലാശാല** | https://www.uwa.edu.au/study/How-to-apply/Admission-entry-pathways/Diploma-Entry-Pathway |

CC BY Exclusions may apply

## ആദിവാസി, ടോറസ് സ്ട്രെയിറ്റ് ദ്വീപ് വിദ്യാർഥികൾക്കുള്ള പാതകൾ

ആദിവാസി, ടോറസ് സ്ട്രെയിറ്റ് ദ്വീപ് വിദ്യാർഥികൾക്ക് സർവകലാശാലയിൽ പ്രവേശിക്കാൻ പ്രത്യേക പാതകളുണ്ട്. കൂടുതൽ വിവരങ്ങൾക്ക്, സന്ദർശിക്കുക:

| സർവകലാശാല | വെബ്സൈറ്റ് |
|---|---|
| **കർട്ടിൻ** | https://karda.curtin.edu.au/study/enabling-courses |
| **എഡിത്ത് കോവൻ** | സർട്ടിഫിക്കറ്റ് II അല്ലെങ്കിൽ അതിൽ താഴെയുള്ളത് പൂർത്തിയാക്കിയ വിദ്യാർത്ഥികളെ സർവകലാശാല പ്രവേശനത്തിന് പരിഗണിക്കാൻ ആദിവാസി യൂണിവേഴ്സിറ്റി റെഡിനസ് അസസ്മെന്റ് (AURA) അനുവദിക്കുന്നു. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക, https://www.ecu.edu.au/centres/kurongkurl-katitjin/student-success-and-support/aborignal-university-readiness-assessment |
| **മർഡോക്ക്** | K-ട്രാക്ക് പ്രാപ്തമാക്കുന്ന പ്രോഗ്രാം എന്നത്, തൃതീയ വിദ്യാഭ്യാസം ആരംഭിക്കാനോ ദിശയിൽ മാറ്റം തേടാനോ ആദിവാസി, ടോറസ് സ്ട്രെയിറ്റ് ദ്വീപ് വിദ്യാർഥികളെ പ്രാപ്തമാക്കുന്ന ഒരു സൗജന്യ കോഴ്സാണിത്. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: https://www.murdoch.edu.au/life-at-murdoch/perth-campus/facilities-services/kulbardi-aboriginal-centre/k-track-enabling-program |
| **നോട്രെ ഡാമെ സർവകലാശാല** | ആദിവാസി, ടോറസ് സ്ട്രെയിറ്റ് ദ്വീപ് വിദ്യാർത്ഥികൾക്ക് മെഡിസിൻ പഠിക്കാൻ നിരവധി അവസരങ്ങളും ബദൽപ്രവേശന പാതകളും നോട്രെ ഡാമെയ്ക്കുണ്ട്. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: https://www.notredame.edu.au/current-students/support/indigenous-portal |
| **WA സർവകലാശാല** | തദ്ദേശീയ പഠനഅവസരങ്ങൾ: വെസ്റ്റേൺ ഓസ്ട്രേലിയ സർവകലാശാലയിൽ ആദിവാസി ഓറിയന്റേഷൻ കോഴ്സും പ്രൊവിഷണൽ എൻട്രി സ്കീമും ഉൾപ്പെടുന്നു. വിവരങ്ങൾക്ക് https://www.uwa.edu.au/study/indigenous-study എന്നതിലേക്ക് പോകുക. |

## സർവകലാശാല തയ്യാറെടുപ്പ് കോഴ്സുകൾ

ബിരുദ കോഴ്സുകളുടെ ശ്രേണിയിലേക്ക് യോഗ്യത നേടാൻ വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിനാണ് സർവകലാശാല തയ്യാറെടുപ്പ് അല്ലെങ്കിൽ പ്രാപ്തമാക്കൽ കോഴ്സുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഗവേഷണം, എഴുത്ത് പ്രക്രിയകൾ, സംഖ്യാശാസ്ത്രം തുടങ്ങിയ, സർവകലാശാലാതല പഠനത്തിന് ആവശ്യമായ കഴിവുകളിൽ ഈകോഴ്സുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്, സന്ദർശിക്കുക:

| സർവകലാശാല | വെബ്സൈറ്റ് |
|---|---|
| **കർട്ടിൻ** | യൂണിറെഡി പ്രോഗ്രാം സൗജന്യവും സ്കൂൾ വിട്ടുപോയവര്ക്കും പക്വതയുള്ള പ്രായത്തിലുള്ള മുതിര്ന്ന വിദ്യാർത്ഥികൾക്കുമായി തുറന്നിരിക്കുന്നു. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: https://study.curtin.edu.au/applying/pathways/uniready-enabling-program |

CC BY Exclusions may apply

| | |
|---|---|
| **എഡിത്ത് കോവൻ** | യൂണിപ്രിപ്പ് കോഴ്സുകൾ സൗജന്യമാണ്, അത് സ്കൂൾ വിട്ടുപോയവര്ക്കും പക്വതയുള്ള പ്രായത്തിലുള്ള മുതിര്ന്ന വിദ്യാർത്ഥികൾക്കുമായി തുറന്നിരിക്കുന്നു. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: https://www.ecu.edu.au/degrees/uniprep |
| **മർഡോക്ക്** | മർഡോക്കിന് പ്രാപ്തമാക്കുന്ന പാതകളുടെ നിരവധി ശ്രേണികളുണ്ട്. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: http://www.murdoch.edu.au/study/courses/enabling-pathways |
| **നോത്രെ ഡാമെ സർവകലാശാല** | https://www.notredame.edu.au/study/pathways/tertiary-pathway-program |



Exclusions may apply

## പോർട്ട്ഫോളിയോ എൻട്രി

അക്കാദമിക് നേട്ടങ്ങൾ, യോഗ്യതകൾ, കഴിവുകൾ, തൃതീയ പഠനത്തിനുള്ള അനുയോജ്യത എന്നിവ പ്രദർശിപ്പിക്കുന്ന ഒരു പോർട്ട്ഫോളിയോയെ അടിസ്ഥാനമാക്കി, ബിരുദം നേടിയിട്ടില്ലാത്തവർക്കുള്ള നിർദ്ദിഷ്ട കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി വിദ്യാർത്ഥികളെ പരിഗണിക്കാം. കൂടുതൽ വിവരങ്ങൾക്ക്, സന്ദർശിക്കുക:

| സർവകലാശാല | വെബ്സൈറ്റ് |
|---|---|
| **കർട്ടിൻ** | പോർട്ട്ഫോളിയോ എൻട്രി ഹ്യുമാനിറ്റീസ്, സയൻസ്, ബിസിനസ്, ഹെൽത്ത് സയൻസ് കോഴ്സുകൾക്ക് ലഭ്യമാണ്. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: https://study.curtin.edu.au/applying/pathways/portfolio-entry |
| **എഡിത്ത് കോവൻ** | ക്രിയേറ്റീവ് ആർട്സ്, ഡിസൈൻ വിഭാഗങ്ങളിലെ, ബിരുദം നേടാത്തവർക്കുള്ള നിർദ്ദിഷ്ട കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് വിദ്യാർത്ഥികളെ ATAR ഇല്ലാതെ പരിഗണിച്ചേക്കാം. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: https://www.ecu.edu.au/future-students/course-entry/creative-arts-portfolio-entry |
| **മർഡോക്ക്** | ഒരു ആർട്സ് കോഴ്സിൽ ചേരാൻ ലക്ഷ്യമിടുന്ന ക്രിയേറ്റീവ് വിദ്യാർത്ഥികൾക്കുള്ളതാണ് മീഡിയ പാത. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: https://www.murdoch.edu.au/study/courses/undergraduate-courses/portfolio-entry-pathway http://www.murdoch.edu.au/study/courses/undergraduate-courses/portfolio-entry-pathway/media-portfolio-pathway |

## അനുഭവപരിചയത്തെ അടിസ്ഥാനമാക്കിയുള്ള എൻട്രി

നൽകിയ തെളിവുകളുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസത്തിൽ വിജയിക്കാനുള്ള അവരുടെ കഴിവ് സർവകലാശാല വിലയിരുത്തുക വഴി, വിദ്യാർത്ഥികളെ ബിരുദം നേടിയിട്ടില്ലാവർക്കുള്ള്ള കോഴ്സിലേക്കുള്ള പ്രവേശനത്തിനായി പരിഗണിക്കാം. കൂടുതൽ വിവരങ്ങൾക്ക്, സന്ദർശിക്കുക:

| സർവകലാശാല | വെബ്സൈറ്റ് |
|---|---|
| **കർട്ടിൻ** | മറ്റൊരു പാതയും അനുയോജ്യമല്ലെങ്കിൽ വിദ്യാർത്ഥികളെ അവരുടെ ഇഷ്ടപ്പെട്ട കോഴ്സിലേക്ക് പ്രവേശനം നേടാൻ സഹായിക്കാൻ കഴിയും. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: https://study.curtin.edu.au/applying/pathways/access-curtin |
| **എഡിത്ത് കോവൻ** | ഉന്നതവിദ്യാഭ്യാസത്തിൽ വിജയിക്കാനുള്ള കഴിവിന്റെ വിലയിരുത്തൽ വഴി, ബിരുദം നേടിയിട്ടില്ലാത്തവർക്കുള്ള കോഴ്സിലേക്കുള്ള പ്രവേശനത്തിനായി വിദ്യാർത്ഥികളെ പരിഗണിക്കാൻ അനുവദിക്കുന്നു. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: https://www.ecu.edu.au/future-students/course-entry/experience-based-entry-scheme |

BY
Exclusions may apply

| | |
|---|---|
| **മർഡോക്ക്** | ഒരു ഡിഗ്രി കോഴ്സിൽ ചേരേണ്ട ആവശ്യമില്ലാതെ, അവർക്ക് ഇഷ്ടമുള്ള വ്യക്തിഗത യൂണിറ്റുകൾ പഠിക്കുന്നതിനുള്ള വിലയിരുത്തപ്പെട്ട അല്ലെങ്കിൽ വിലയിരുത്താത്ത ഓപ്ഷൻ നൽകുന്നു. വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: https://www.uwa.edu.au/study/courses-and-careers/short-courses/access-uwa-assessed |
| **WA സർവകലാശാല** | അക്കാദമിക് നേട്ടങ്ങളുടെയും ജീവിതാനുഭവങ്ങളുടെയും സംയോജനത്തിലൂടെ, ബിരുദം നേടിയിട്ടില്ലാത്തവർക്കുള്ള തിരഞ്ഞെടുത്ത ബാച്ചിലർ ബിരുദങ്ങളിലേക്ക് അപേക്ഷിക്കാൻ അനുവദിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇതിലേക്ക് പോകുക: https://www.uwa.edu.au/study/How-to-apply/Admission-entry-pathways/Experience-based-entry |

## വിദ്യാഭ്യാസ പ്രവേശന പദ്ധതി

11, 12 വർഷത്തെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ സീനിയർ സെക്കൻഡറി സ്കൂൾ പഠനവേളയിൽ അസാധാരണമായ സാഹചര്യങ്ങൾ അനുഭവിച്ച വിദ്യാർത്ഥികൾക്ക് വെസ്റ്റേൺ ഓസ്ട്രേലിയ സർവകലാശാലകളിൽ ബിരുദം നേടിയിട്ടില്ലാത്തവർക്കുള്ള പ്രവേശനം തേടാം. അപേക്ഷകർക്ക് ടെർഷ്യറി ഇൻസ്റ്റിറ്റ്യൂഷൻ സർവീസ് സെന്റർ (TISC) വഴി പ്രത്യേക പരിഗണനയ്ക്ക് അപേക്ഷിക്കാം.

കൂടുതൽ വിവരങ്ങൾക്ക് https://www.tisc.edu.au/static/home.tisc എന്ന TISC വെബ്സൈറ്റ് സന്ദർശിക്കുക.


Exclusions may apply